**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 362** **09-08-2021 - ൽ മറുപടിയ്ക്ക്**

**തീർത്ഥാടക ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക കേന്ദ്രങ്ങളെയും ബന്ധിപ്പിച്ച് ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക കേന്ദ്രങ്ങളെയും ബന്ധിപ്പിച്ച് നിലവിൽ ടൂറിസം വകുപ്പ് പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ തീർത്ഥാടന കേന്ദ്രങ്ങളെ കോർത്തിണക്കി "പിൽഗ്രിം ടൂറിസം സർക്യൂട്ട്" രൂപീകരിച്ച് അടിസ്ഥാന സൗകര്യ വികസനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ "തത്വമസി" എന്ന പദ്ധതി രൂപീകരിക്കുകയും, 8 തീർത്ഥാടന സർക്യൂട്ടുകളായി 43 ആരാധനാലയങ്ങൾക്കായുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അതുപോലെ സംസ്ഥാനത്തെ സാഹിത്യ- സാംസ്കാരിക കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ടൂറിസം സർക്യൂട്ട് രൂപീകരിക്കുന്നതിനായുള്ള "മലബാർ ലിറ്ററി സർക്യൂട്ട്" എന്ന ടൂറിസം പദ്ധതി പരിഗണനയിലാണ്. തീർത്ഥാടന ടൂറിസം കേന്ദ്രങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര ടൂറിസം മന്ത്രാലയം പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്രത്തിൽ എത്തിച്ചേരുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 4614.20 ലക്ഷം രൂപ അനുവദിക്കുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു. സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെട്ട സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി ശബരിമല വികസനത്തിനായി (ശബരിമല - എരുമേലി - പമ്പ- സന്നിധാനം) 9998.92 ലക്ഷം രൂപയുടെയും, ശ്രീ പത്മനാഭ- ആറന്മുള- ശബരിമല വികസനത്തിനായി 9244.26 ലക്ഷം രൂപയുടെയും, ഡെവലപ്മെന്റ് ഓഫ് സ്പിരിച്വൽ സർക്യൂട്ട് ശിവഗിരി ശ്രീ നാരായണ ഗുരു |

| | | | |
|---|---|---|---|
| | | | ആശ്രമം - അരുവിപ്പുറം - കുന്നുംപാറ ശ്രീ സുബ്രമണ്യ - ചെമ്പഴന്തി ശ്രീ നാരായണ ഗുരുകുലം ഇൻ കേരള എന്ന പദ്ധതിയ്ക്ക് 6947 ലക്ഷം രൂപയുടെയും അനുമതികൾ ലഭിക്കുകയും പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |
| (സി) | കേന്ദ്ര സഹായത്തോടെ കൂടുതൽ തീർത്ഥാടക ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | കേന്ദ്ര സഹായത്തോടെ കൂടുതൽ തീർത്ഥാടക ടൂറിസം പദ്ധതികൾ ലഭിക്കുന്നതിനായി പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി 30 കോടി രൂപയുടെ സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈയിൻ, മലയാറ്റൂർ എന്ന പദ്ധതിയുടെ DPR കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന പിൽഗ്രിം സെന്ററായ ചേരമൻ ജുമാ മസ്ജിദിന്റെ പ്രധാന്യം കണക്കിലെടുത്ത് ഒരു കൺസെപ്റ്റ് നോട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ വിശദമായ DPR സമർപ്പിക്കാൻ കേന്ദ്രം നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന് DPR തയ്യാറാക്കി കേന്ദ്രത്തിൽ സമർപ്പിക്കുന്നതിന്റെ നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | കോവിഡ് കാരണം വിദേശികളുൾപ്പെടെയുള്ള ടൂറിസ്റ്റുകളുടെ വരവ് നിലച്ചതിനാൽ ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കാനും ടൂറിസം പരിപോഷിപ്പിക്കാനും നടപടി ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കോവിഡിന്റെ ഒന്നാം തരംഗത്തിനു ശേഷം തന്നെ സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ സഞ്ചാരികളെ വരവേൽക്കാൻ പൂർണ സജ്ജമാണെന്ന പ്രചരണം ദേശീയ തലത്തിൽ നടത്തുകയുണ്ടായി. 'ചേഞ്ച് ഓഫ് എയർ' എന്ന് പേരിട്ട പോസ്റ്റ് കോവിഡ് പ്രൊമോഷൻ ക്യാമ്പയിൻ 2020- ൽ നടത്താനായി. കോവിഡ് രണ്ടാം തരംഗം സൃഷ്ടിച്ച വൻ പ്രതിസന്ധി മറികടക്കാനായി വിവിധ പ്രൊമോഷണൽ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്ന കാര്യം ആലോചനയിലാണ്. |

സെക്ഷൻ ഓഫീസർ